# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2768

06.02.2018-ലെ മറുപടി

## കുളത്തൂപ്പുഴ-ഇട്ടിവ അലൈഡ് കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **മാത്യു ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| കുളത്തൂപ്പുഴ-ഇട്ടിവ അലൈഡ് കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | കുളത്തൂപ്പുഴയ്ക്കും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയിൽ കുളത്തൂപ്പുഴ, അലയമൺ, ഇട്ടിവ, ഏരൂർ എന്നീ വില്ലേജുകൾ ആണ് ഉൾപ്പെടുന്നത്. കിണർ, ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഉപരിതല ജലസംഭരണി (ഭാരതിപുരം), സോൺ-1(എ)-യിലെ വിതരണ ശൃംഖല എന്നിവയുൾപ്പെട്ട ഈ പദ്ധതിയുടെ 1-ാം ഘട്ടം പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു.<br>ഇട്ടിവ പ്രദേശത്തെ വിതരണ ശൃംഖലയ്ക്കായി പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 1815 ലക്ഷം രൂപയുടെ പദ്ധതിക്ക് 2012-ൽ അംഗീകാരം ലഭിച്ചിരുന്നു. ഈ പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചിരുന്നെങ്കിലും ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി നിർവ്വഹണം തടസ്സപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ സോൺ III ലെ ജലവിതരണം സാധ്യമാക്കുന്നതിനായി 3.4 ലക്ഷം ലിറ്റർ ശേഷിയുള്ള സമ്പും, പമ്പുഹൗസും (തോട്ടുമുക്കം), സോൺ III ലെ വിതരണശൃംഖലയും ഉൾപ്പെടുന്ന ഒരു പദ്ധതിക്ക് സ്റ്റേറ്റ് പ്ലാൻ-ഓപ്റ്റിമൈസേഷൻ ഹെഡിൽ ഉൾപ്പെടുത്തി 410 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.<br>NRDWP യിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ശേഷിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് DSR 2016 പ്രകാരം തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ